## ഗവൺമെന്റ് എസ്.വി.എച്ച്.എസ്.എസ്. കുടശ്ശനാട്

# ഡിജിറ്റൽ മാഗസിൻ








KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# LK/2018/36039

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

little KITEs



GOVT. S.V.HIGHER SECONDARY SCHOOL

## സന്ദേശം



ലിറ്റിൽ കൈറ്റ്സ് ന്റെ പ്രവർത്തനം സ്കൂളിൽ നന്നായി നടക്കുന്നു. ഇതിൽ അഭിമാനമുണ്ട്. ഇതിന്റെ ഭാഗമായ കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു.

**പ്രിൻസിപ്പൽ**
**ആനന്ദകുട്ടൻ ഉണ്ണിത്താൻ സാർ**



# ആശംസകൾ




നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ തയാറാക്കിയ' നിലാവ് ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും അർപ്പിക്കുന്നു. ഒപ്പം ഇത്തരം ഒരു സംരംഭത്തിന് വേണ്ടി

പ്രയത്നിച്ച വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും അഭിനന്ദിക്കുന്നു

പ്രധാനാധ്യാപിക

സലീനബീവി ടീച്ചർ



നിലാവ്

അറിവിന്റെ അനന്തവിഹായസ്സിലേക്കുള്ള പുതുതലമുറയുടെ ജൈത്രയാത്ര..................

പുതിയ ആകാശവും പുതിയ ഭൂമിയും പുതിയ നേരും തേടിയുള്ള ആ യാത്രയിൽ പൂനിലാവ് ചൊരിഞ്ഞ് തുണയായെത്തുന്ന ഗുരുശ്രേഷ്ഠൻമാർക്കും പൂർവസൂരികൾക്കും വന്ദനം........

വർത്തമാനകാലത്തെ എല്ലാക്കൂരിരുട്ടിനേയും പുനിലാവാക്കാൻ ഞങ്ങളുടെ കൈകൾക്ക് കരുത്തുണ്ടാകേണമേ എന്ന പ്രാർത്ഥനയോടെ ഈ "നിലാവ്" ഞങ്ങൾ നിങ്ങൾക്കു മുൻപിൽ അവതരിപ്പിക്കുന്നു.

മഹാപ്രളയത്തിന്റെ ദുരന്തമുഖങ്ങളും കലാപകലുഷിതമായ പുതിയ കാലവും ഞങ്ങളെ തളർത്തില്ല.

ഒന്നും ഒന്നും ചേർന്നാൽ രണ്ടല്ല ഇമ്മിണി ബല്യ ഒന്നാണ് എന്ന ഒരുമയുടെ സന്ദേശം നമുക്കു പകർന്നു തന്ന മലയാളത്തിന്റെ അനശ്വരനായ സുൽത്താൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മകൾക്കുമുമ്പിൽ ഈ എളിയ സൃഷ്ടി സമർപ്പിക്കുന്നു.



എഡിറ്റർ ഐശ്വര്യ

എഡിറ്റോറിയൽ ബോർഡ്

അശ്വിൻരാജ്
ആനന്ദ് എസ്
മോഹൽ
സൂരജ്
രഞ്ജിത് വി
വൃന്ദാവിജയൻ
ഹരിപ്രിയ
മീനാക്ഷി


## ഉള്ളടക്കം

എസ്.വി.എച്ച്.എസ് കുടശ്ശനാട് 27 നിലാവ്..........3
വൈക്കംമുഹമ്മദ്ബഷീർ..........10
ഭൂമിയുടെ..........11
അവകാശികളിലൂടെ..........11
ഭൂമിയുടെ..........12
അവകാശികളിലൂടെ..........12
മാഞ്ഞുപോയ ലോകം..........15
എന്റെ അച്ഛൻ..........15
അശ്രുവിൻ മൗനം..........17
പേമാരി..........18
വന്നണയുന്ന ഭാഗ്യം..........19
മോഹങ്ങൾ..........20
പണ്ടത്തെപ്പാട്ടുകൾ..........20
ബാലാർക്കൻ..........22
പ്രിയ കൂട്ടുകാരാ..........22
പാചകവിധികൾ..........23
..........23
തിരുവാതിര..........26
*കാലം*..........27
വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്..........28
പ്രളയം..........29
..........29
ക്വിസ്..........30
കിട്ടാത്ത പൂക്കല തേടി..........32
*കഥകളി*..........*33*
മഴയുടെ ശക്തി..........34

*നീ വരുക*....35
മഴ....36
മഹത് വചനങ്ങൾ....40
....40
ചങ്ങമ്പുഴ കൃഷ്ണപിള്ള....42
....42
പൈതഗോറസ് (b.c. 580)....2
നന്മയുടെ മധുരം....3
കാട്ട്പൂവ്....5
മാധവിക്കുട്ടി(1934-2009)....6
മരിച്ചവരുടെ കുന്ന്....7
....7
വൈലോപ്പിള്ളി ശ്രീധരൻ മേനോൻ....14
(പ്രളയം)....15
ഇന്ത്യയുടെ ഭരണഘടന....17
ശീതങ്കൻ തുള്ളൽ....24


**വൈക്കംമുഹമ്മദ്ബഷീർ**

എസ്.വി.എച്ച്.എസ് കുടശ്ശനാട് 10
നിലാവ്



# ഭൂമിയുടെ

# അവകാശികളിലൂടെ........



## ഭൂമിയുടെ

**അവകാശികളിലൂടെ........**

ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിൽ ഒരാളാണ് വൈക്കം മുഹമ്മദ് ബഷീർ. സ്വന്തം ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടാണ് അദ്ദേഹം സാഹിത്യ രചനനടത്തിയത്. ഹാസ്യം കൊണ്ട് വായനക്കാരെ ചിരിപ്പിച്ച അദ്ദേഹം അവരെ കരയിപ്പിക്കുകയും ചെയ്തു. ബഷീറിന്റെ പ്രശസ്തമായ കഥകളിൽ

ഒന്നാണ് 'ഭൂമിയുടെ അവകാശികൾ'. സകല ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണ് ഉള്ളത് എന്ന ആശയം ഈ കഥയിലൂടെ അദ്ദേഹം രസകരമായി അവതരിപ്പിക്കുന്നു. രണ്ടേക്കർ തെങ്ങിൻ പറമ്പും അതിലോരു വിട്ടും സ്വന്തമാക്കു-ന്ന കഥനായകൻ. മുള്ളുവേലിയുടെയും ഇരുമ്പുഗേറ്റിന്റെയും കാവൽനായയുടെയും സുരക്ഷിതത്ത്വത്തെ മറികടന്നുകൊണ്ട്

ക്ഷണിക്കപ്പെടാതെ കുറെ അതിഥികൾ അദ്ദേഹത്തിന്റെ വീട്ടിലും പറമ്പിലും താമസമാക്കുന്നു.പക്ഷികളും,ചിത്രശലഭങ്ങളും, എലികളും,കരിന്തേളുകളും, വിഷമുള്ള പാമ്പുകളും ആ കൂട്ടത്തിലുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഈ കൂട്ടരെല്ലാം ഭൂമിയുടെ അവകാശികൾ തന്നെയാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ട്.
എന്നാൽ പ്രയോഗികബുദ്ധിക്കാരിയായ ഭാര്യക്ക് ഇത് അംഗികരിക്കാൻ കഴിയുന്നില്ല. തെങ്ങുകൾ ഒന്നായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന പുരയ്ക്കകത്ത് ശല്യമുണ്ടാക്കുന്ന ക്ഷുദ്രജീവികളെ യെല്ലാം കൊന്നൊടുക്കാൻ അവൾ നിർബന്ധിക്കുന്നു. എന്നാൽ ബഷീറിന് അതിനോട് യോജിക്കാൻ കഴിയുന്നില്ല.

മലയാള കഥയിലെ തന്നെ പാരിസ്ഥിതിക ബോധത്തിന്റെ കൊടിയടയാളമാണ് ഈ കഥ. ബഷീറിന്റെ ജീവിത ദർശനത്തിന്റെയും കൊടിയടയാളംകൂടിയാണി കഥ. പ്രകൃതിയെക്കുറിച്ചു മാത്രമല്ല പ്രകൃതിക്കുവോണ്ടിക്കൂടിയും സംസാരികുന്ന കഥയാണ് ഭൂമിയുടെ അവകാശികൾ.

ബഷീർ ഭൂമിയിലെ സർവചരാചരങ്ങളെയും തുല്യമായി കാണുന്നു. ഭൂമിയിലെ ആദിമനിവാസികൾ പുഴുവും

പൂമ്പാറ്റയും കാക്കയും പാമ്പും, കീരിയും, വ്വവാലുമാണെന്ന സത്യം അദ്ദേഹം കാട്ടിത്തരുന്നു. ഭാര്യ നടത്തുന്ന ഹിംസക്കെല്ലാം അദ്ദേഹം ദൈവത്തോടെ മാപ്പു ചോദിക്കുന്നു. ഭൂമിയിലുള്ള സർവജന്തുകളെയും കൊന്നൊടുക്കിയ ശേഷം മനുഷ്യൻ മാത്രം അവശേഷിച്ച് ഒടുവിൽ അവനും ഒന്നടങ്കം ചാവുന്ന സന്ദർഭ- ത്തെകുറിച്ചും ബഷീർ കഥയിൽ പറയുന്നുണ്ട്. ചുരുക്കത്തിൽ മനുഷ്യനിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള പുരോഗമന സങ്കൽപ്പത്തെ ചോദ്യം ചെയ്യുകയാണ് ഭവകാശികളിലൂടെ...

ഐശ്വര്യ . എ



# മാഞ്ഞുപോയ ലോകം

മാനത്തെ പക്ഷികൾ പറന്നുപോയ്
സൂര്യനും താന്നുപോയി.
നിഘൂഡമായ രാത്രിവന്നെത്തി
മാനത്തെ അമ്പിളിയെ കണ്ടില്ല



എവിടെയോ പാലപൂത്തു,
യക്ഷിയങ്ങനെ വിടർന്നു
അലഞ്ഞു നടന്നപ്പോൾ
നാട്ടിൽ വന്നപ്പോൾ രൂപം മാറിയവൾ



സുന്ദരിയും സുമഗയും സുശീലയും
ആഹാ! എന്തിനുപറയുന്നു

ഹരിപ്രിയ,അർച്ചന

# എന്റെ അച്ഛൻ

എനിക്ക് വേദനിക്കുമോയെന്ന് ഭയന്ന്
അമ്മയുടെ വയറിൽ പതിയെ തഴുകിയ
അച്ഛന്റെ സ്നേഹമെൻ ആദ്യ പാഠം
പത്തുമാസം ചുമന്ന കഥ അമ്മ
പലവട്ടം പറഞ്ഞിട്ടും പേറ്റാൻ
രാത്രിയെപ്പോലും പകലാക്കിയ എൻ അച്ഛൻ
ഇന്നോളം പരിഭവമൊന്നു പറഞ്ഞു കേട്ടിട്ടില്ല
പത്തുമാസം ചുമന്നില്ല
നൊന്തു പ്രസവിച്ചതുമില്ല
എങ്കിലും കടലോളം സ്നേഹമാണ് ആ നെഞ്ചിൽ
തെറ്റുകൾ കാണിക്കുമ്പോൾ തല്ലുന്ന കൈകൾ
തന്നെയാണ് ഞാൻ ഉറങ്ങിയപ്പോൾ
എന്നെ തലോടിയതും

സൂര്യ .എസ്സ്



# അശ്രുവിൻ മൗനം

കേൾക്കുന്നുവോ നിങ്ങൾ ആ യാതന തൻ നൊമ്പരം
കേൾക്കുന്നുവോ ആ യാതന തൻ സ്വരം
പൊഴിക്കുന്നു കണ്ണീർ വിങ്ങുന്നു മനം
തൻ കർമ്മഫലം ഏകുന്നു വിഷാദം

തന്നു എന്നും ആ സ്വച്ഛമാം മിഴികൾ

അമൃത് പൊഴിക്കും ആ മുഖം വിങ്ങുന്നു
എന്നാലും നിറയുന്നു സ്നേഹം
നവതലമുറ തൻ വിദ്വേഷമാം പ്രവൃത്തിയിൽ
കയ്ക്കുന്നു അമ്മ തൻ സ്നേഹമാം മാധുരി

പോകുന്നു തലമുറ അന്ധകാരത്തിൽ
പൊഴിയുന്നു അശ്രു ആ സ്നേഹമാം
തൻ പ്രതിഫലമായി

തലമുറ തൻ പ്രവൃത്തിയിൽ
തന്റെ വാത്സല്യമാം മാതാപിതാക്കൾ വിങ്ങുന്നു
പൊട്ടുന്നു ബന്ധത്തിൻ ചരട്
വഹിക്കുന്നു വിഷാദം.

കൈപിടിച്ച നടത്തിയ അച്ഛനെ മറക്കുന്നു
മൃദു ചുംബനം ഏകിയ അമ്മയെ മറക്കുന്നു
അലിയുന്നു ആ മധുരങ്ങൾ
ആ അമ്മ തൻ അശ്രുവിൽ.

വൃന്ദാ വിജയൻ



# പേമാരി

ഉച്ചനേരത്തോരു
കൊച്ചുമയക്കത്തിൽ
പിച്ചവെച്ചെത്തിയ കാർമുകിലേ
തല്ലിച്ചിതറുമി ചില്ലുകണക്കയെൻ

മുന്നിലുൻമാദിനിയായ് പെഴിഞ്ഞു
പൂക്കുന്നതൈമാവിൻ ചില്ലകളും
നിരന്നാടുന്നു കൈതോല കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിൻ കുളിരേറ്റു വാങ്ങുന്നുവോ

എൻ ഗതകാല സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ
എൻ മനമൊരു മയിലായി ആടുന്നു
നിളുന്ന ചെമ്മണ്ണു പാതകളിൽ
മഴനീരു നീരു ന്ഴയുന്നു
നാഗത്തെപ്പോൽ

ആദിൽ. മുഹമ്മദ്
അഭിഷേക്.എം.എസ്





# വന്നണയുന്ന ഭാഗ്യം

ഒരു രാത്രി കൊഴിയുമ്പോൾ

നിലാവ്

ഒരു പകലെത്തും
ചെറു പറവകൾ പാടുമ്പോൾ
ഒരു പുലരി ഉദിക്കും
ഒരു പൂക്കാലം അണയുമ്പോൾ
ചെറു ശലഭങ്ങൾ പാറിവരും
ഒരു തൈ പൊടിക്കുമ്പോൾ
ഒരു തണൽപ്പന്തൽ നീർന്നുവരും
കടലോളം കുളിരണിയും
കനവുകൾ പൂത്തുലയും

അരവിന്ദ് . എ



# മോഹങ്ങൾ

കൃഷ്ണ തുളസി കതിർത്തുമ്പോൾ
മോഹിക്കും നിന്റെയീ വാർമുടി
ചുരിളിലെത്താൻ പൂജക്കെടുക്കാത്ത
പൂവായണ്ഞാനും മോഹിച്ചിടുന്നു



മിഥുൻ രാജ്

# പണ്ടത്തെപ്പാട്ടുകൾ

നമ്മുടെമമാതാവവ്  കൈരളി–പണ്ടൊരു
പൊന്മണിപ്പൈതലായ്  പാണകാലം–
ചേതസി തോന്നിയ മാതിരിയിൽ
ഏടലർ വെങ്കാൽച്ചിലങ്ക  കിലുങ്ങ–
മാറോടിക്കളിച്ചുരസിച്ച കാലം
പെറ്റെമുന്നാന്നുടെ പെൺമുലപ്പാൽ
തീരെ വറ്റിയിരുന്നു  പഴങ്കഥപ്പാട്ടുകൾ

അഖിലേഷ് .എസ്സ്



അനശ്വരനായ വയലിനിസ്റ്റ്
ശ്രീ . ബാലഭാസ്കറിനെ അനുസ്മരിച്ചുകൊണ്ട്.......



# ബാലാർക്കൻ

**പ്രിയ കൂട്ടുകാരാ........**

നിൻ തന്ത്രിയിലുണരും
നാദ മയൂഖങ്ങളെവിടെ?.....
പുഞ്ചിരിതൂകി നീ ആനന്ദക്കടലാക്കും
വേദികളിനിയുമുണ്ടാമോ......
എന്നിലെ എന്നിൽ നീ...
അലിയിച്ചൊരാനാദ
മഞ്ജിമ എന്നുമുണരും
കരാളദുരന്തമേ നീയാഗാന
സൂര്യനെയെന്തേ മറച്ചു.....

നിന്നോമൽ പൂവിനോടൊപ്പം നീയുമാ സ്വർലോക
സീമയിലെത്തി
എങ്കിലും സൂര്യനായ് കത്തിജ്വലിക്കുംനീ ആസ്വാദക
ഹൃത്തിലെന്നും.
ഹേ പാട്ടുകാരാ...നിന്നാത്മശാന്തിക്കായ്
അർപ്പിക്കുന്നർച്ചനാപുഷ്പം

ഐശ്വര്യ . എ



# പാചകവിധികൾ

നെയ് പായസം

| | |
|---|---|
| നെയ്യ് | :150 ഗ്രാം |
| ഉണക്കലരി | :1/2 കിലോഗ്രാം |
| ശർക്കര | :1 കിലോഗ്രാം |
| കൊട്ടത്തേങ്ങ | :1 മുറി |
| അണ്ടിപ്പരിപ്പ് ,ഉണക്കമുന്തിരി | :50 ഗ്രാം വീതം |

ഉരുളിയിൽ വെള്ളം തിളപ്പിച്ച് അരി കഴുകിയിട്ടുക വെന്തുകഴിഞ്ഞാൽ ശർക്കരയും നെയ്യും ചേർത്തിളക്കണം .അത് നന്നായി വരട്ടിയശേഷം ചെറുകഷണങ്ങളാക്കി അരിഞ്ഞ കൊട്ടത്തേങ്ങ ഇളക്കി യോജിപ്പിക്കുക . അടുപ്പത്തുനിന്നും വാങ്ങിയ ശേഷം നെയ്യിൽ വറുത്തെടുത്ത അണ്ടിപ്പരിപ്പും മുന്തിരിയും ചേർത്തിളക്കി ഉപയോഗിക്കാവുന്നതാണ്

## കാളൻ

| | |
|---|---|
| *ചേന* | *:150 ഗ്രാം* |
| *നേന്ത്രക്കായ* | *:2 എണ്ണം* |
| *തേങ്ങ* | *:1 എണ്ണം* |
| *തൈര്* | *:2 കപ്പ്* |
| *കുരുമുളകുപൊടി* | *:2 ടീസ്പൂൺ* |

*25*

| | |
|---|---|
| *വറ്റൽമുളക്* | *:2 എണ്ണം* |
| *ജീരകം* | *:1/2 ടീസ്പൂൺ* |
| *മഞ്ഞൾപ്പൊടി* | *:1 ടീസ്പൂൺ* |
| *ഉലുവ* | *:1 ടീസ്പൂൺ* |
| *കടുക്* | *:1 ടീസ്പൂൺ* |
| *എണ്ണം* | *:2 ടേബൾ സ്പൂൾ* |

*ചേനയും നേന്ത്രക്കായും അധികം ചെറുതല്ലാത്ത കഷ്ണങ്ങളാക്കി അരിഞ്ഞ് , മഞ്ഞൾപ്പൊടിയും , ഉപ്പും ,കുരുമുളകുപൊടി വെള്ളത്തിൽ കലക്കി അരിച്ചെടുത്തതും ചേർത്ത് വേവിക്കുക .വെള്ളം വറ്റിയാൽ തൈര് ഒഴിച്ച് വറ്റുന്നതുവരെ ഇളക്കുക . അതിലേക്ക് തേങ്ങയും ജീരകവും നന്നായി അരച്ചെടുത്തത് ചേർത്ത് ഇളക്കുക . ചൂടാക്കിയ എണ്ണയിൽ കടുക് ,ഉലുവ ,വറ്റൽമുളക് , കറിവേപ്പില എന്നിവ മൂപ്പിച്ചെടുത്തത്*

*ചേർക്കുക.*

## ***മാങ്ങാ വറ്റൽ***

*മാങ്ങ* ***:1 കിലോ***

***ഉപ്പ് : ആവിശ്യത്തിന്***

*ചെറു കഷണങ്ങളാക്കിയ മാങ്ങ ഉപ്പിൽ കുഴച്ച് ഒരു രാത്രി മുഴവൻ വയ്ക്കുക . പിറ്റേ ദിവസം വെയിലത്തുവച്ച നല്ല മുറുക്കമാവുന്നതുവരെ ഉണക്കിയശേഷം എടുത്തുവയ്ക്കാവുന്നതാണ്*

*ആനന്ദ്.എസ്*



# തിരുവാതിര



കേരളത്തിലെ സവർണസ്ത്രീകൾ പരമ്പരാഗതമായി ആഘോഷിച്ചുവരുന്ന ഒരുത്സവമാണ് ധനുമാസത്തിലെ തിരുവാതിര .ശ്രീപരമേശ്വരന്റെ പിറന്നാളായിട്ടാണ് തിരുവാതിര ആഘോഷിച്ചത്.അന്ന് ശിവനോട് ചേരുന്നു എന്നു വിശ്വസിക്കുന്നത്.മാത്രമല്ല,സൃഷ്ടിക്ക പ്രാരംഭമായി ഒമ്പതുശക്തികളെയും ശിവൻ ലയിപ്പിച്ചത് തിരുവാതിര നാളിലാണത്രേ. ബാലഗോപാലനെ ഭർത്താവായി കിട്ടാൻ ഗോപസ്ത്രീകൾ കാർത്ത്യായനീപൂജ നടത്തിയുംകാമദേവനു പുനർജന്മം നൽകിയതും ശിവനും പാർവ്വതിയും തമ്മിലുള്ള കല്യാണം നടന്നതും കാളക്കൂടം കഴിച്ച പരമേശ്വരനുണ്ടായേക്കാവുന്ന ദോഷഫലങ്ങൾ ഒഴിനാക്കാൻ പാർവ്വതി ഉറക്കമൊഴിഞ്ഞ് വ്രതമനുഷ്ഠിച്ച് പ്രാർത്ഥിച്ചതുമെല്ലാം ധനു-മാസത്തിലെതിരുവാതിരനാളിലായിരുന്നു എന്ന് പുരാണം ഉദ്ഘോഷിക്കുന്നു. ധനുമാസത്തിലെ തിരുവാതിര മലയാളിമങ്കയ്ക്ക് ഉത്സവദിനം തന്നെയാണ്.വിവാഹജീവിതം സുഖപ്രദമാക്കുന്നതിന് ശിവനെ പൂജിക്കുകയാണ് തിരുവാതിരമഹോത്സവത്തിന്റെ ലക്ഷ്യം. ഉത്തമനായ ഭർത്താവിനെലഭിക്കാനാണ് പൂത്തിരുവാതിര ആഘോഷിക്കുന്നതെങ്കിൽ ഭർത്താവിന്റെ ആയുരാരോഗ്യസൗഖ്യത്തിനാണ് പുത്തൻതിരുവാതിര ആഘോഷിക്കുന്നത്.



അമൃത.എം.ജി

ഗവ.എസ്.വി.എച്ച്.എസ്.എസ്

# കാലം

കാലമെന്നുള്ളൊരു ജീവിതചക്രത്തിൽ
സാക്ഷിയായിമാറുന്നു മുദ്രപതിക്കുന്നു
ചിത്രവർണങ്ങൾ ചാലിച്ചെഴുതിയ
ആ മുഗ്ധമാധുരിയെങ്ങുപോയി

കാലം കൊഴിഞ്ഞു കടലിളകുന്നു
തീവ്രമാ തീച്ചൂള കത്തിയെരിയുന്നു
കൊല്ലവർങ്ങൾ കഴിഞ്ഞുപോമെങ്കിലും
മാറുന്ന ഭൂമിയിൽ സാക്ഷിയായി നീ മാത്രം

അമൃത
എസ്. വി. എച്ച്. എസ്. എസ്



## വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്

*അനുഭവിച്ചറിയാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വായിച്ചറിയാൻ കഴിയും വായന നമുക്കു നൽകുന്ന കരുത്ത് വലുതാണ് . വായനയിലൂടെ കണ്ടെത്തിയ നല്ല കഥാപാത്രങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കും . മഹത്തുക്കളുടെ ജീവചരിത്രം നല്ല മനുഷ്യരാകാൻ നമുക്ക് പ്രചോദനമാകും . നല്ലമനുഷ്യരുടെ ജീവചരിത്രങ്ങൾ വായിച്ച കുട്ടിയും അവയൊന്നും വായിക്കാത്ത കുട്ടിയും ഒരുപോലെയാവില്ല തീർച്ച ! പാഠഭാഗങ്ങൾ മാത്രമല്ല അറിവിന്റെ ശേഖരങ്ങൾ അവയ്ക്കു പുറത്തുമുണ്ട് വായിക്കാനേറെ. ഓരോ പാഠവും പഠിക്കുമ്പോൾ അധികവായനയ്ക്കുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽനിന്നു ശേഖരിക്കണം. നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ എത്ര പുസ്തകങ്ങളുണ്ട് ? അതിൽ എത്രയെണ്ണം നിങ്ങൾ വായിച്ചു? എത്രയെണ്ണം ഇനി വായിക്കും ? വായനയ്ക്കായി ഒരു പദ്ധതി തയ്യാറാക്കുക .*

*വായിച്ച പുസ്തകങ്ങളെപ്പറ്റി ഡയറിയെഴുതുക.വായനാനുബവങ്ങളുടെ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാം ആശയങ്ങൾ കൂട്ടുകാരുമായും അധ്യാപകരുമായും ചർച്ചചെയ്യുക . നല്ല വായനാഡയറിക്ക് സമ്മാനം നൽകുന്നതിലൂടെ നന്നായി എഴുതാനുള്ള കഴിവ് ആർജിക്കാൻ പ്രേരിപ്പിക്കുന്നു . അറിവുള്ളവർക്കേ ലോകത്തെ നയിക്കാനാവൂ*



*അർച്ചന*

**പ്രളയം**



ഇവിടെയൊരു
നാട്ടുണ്ടായിരുന്നു
കേളികൊട്ടുയരുന്ന നാടായിരുന്നു
ഭാർഗ്ഗവക്ഷേത്രമാമെൻെറ നാട്
ശാന്തമായൊഴുകുന്ന തടിനികളും
പച്ചപുതച്ച  പുൽമേട്ടുകളും
ചങ്ങലവട്ടപോലിമ്പമാർന്ന
കുന്നിൻ നിരകൾ നിറഞ്ഞനാട്
കലിതുള്ളിയെത്തിയ വർഷമേഘം
എല്ലാം തകർത്തു മദിച്ചുപെയ്തു
ആപെയ്ത്തിലെല്ലാം തകർന്നടിഞ്ഞു
മലയാളമണ്ണിൻെറ മാറിൽനിന്നും
ദിന പിലാപമുയർന്നുപൊങ്ങി
കുന്നുകൾ പലതുമെഡിച്ചുപോയി
തടിനികൾ ഗതിമാറിയൊഴുകിയെത്തി
ജന പഥമൊക്കെ മറഞ്ഞുപോയി
ചളിയിൽ പുതഞ്ഞുപോയ് മർത്ത്യസ്വപ്നം

ഐശ്വര്യ .എ

*എസ്.വി.എച്ച്.എസ്.എസ്*



**ക്വിസ്**

*1.കമ്പ്യൂട്ടറിന്റെ തലച്ചോറ് എന്നറിയപ്പെടുന്ന ഭാഗം ?*

*ഉത്തരം:സെൻട്രൽ പ്രോസസിംഗ് യൂണിറ്റ്*

*2.ആദ്യത്തെ ഇലക്ട്രോണിക് കമ്പ്യൂട്ടർ ?*

*ഉത്തരം:ഏനിയാക്*

*3.ഇന്റർനെറ്റിലെത്തിയ അദ്യമലയാളപത്രം ?*

*ഉത്തരം:ദീപിക*

*4.ഐ.ടി ആക്ട് ഇന്ത്യയിൽ നിലവിൽ വന്ന വർഷം ?*

*ഉത്തരം:2000*

*5.റേഡിയോ സിഗ്നലുകനൾ ഉപയോഗിച്ച് നടക്കുന്ന ഡാറ്റാ ട്രാൻസ്മിഷന് പറയുന്ന പേര്?*

*ഉത്തരം:ബ്ലൂ ടൂത്ത്*

*6.ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവ് എന്നറിയപ്പെടുന്നത്?*

*ഉത്തരം:അലൻ ടൂറിങ്*

*7.കമ്പ്യൂട്ടറിന്റെ പിതാവ് ആരാണ്?*

*ഉത്തരം:ചാൾസ് ബാബേജ്*

*8.പതിവായി ഇന്റർനേറ്റ് ഉപയോഗിക്കുന്ന വ്യക്തിയെ സൂചിപ്പിക്കുന്ന വാക്ക്?*

ഉത്തരം:നെറ്റിസൺ

9.കമ്പ്യൂട്ടർ ശ്രൃംഖലകളിൽ നുഴഞ്ഞുകയറി വിവരങ്ങൾ ചോർത്തുന്ന കമ്പ്യൂട്ടർ വിദഗ്ദ്ധൻ ഏത് പേരിൽ അറിയപ്പെടുന്നു?

ഉത്തരം:ഹാക്കർ

10.ലോകത്തിലെ ആദ്യത്തെ വീഡിയോ ഗെയിം ഏതാണ്?

ഉത്തരം:സ്പേസ് വാർ

അശ്വിൻരാജ്





## കിട്ടാത്ത പൂക്കള തേടി

വിശന്നു വലഞ്ഞ പൂമ്പാറ്റ, വീട്ടുമുറ്റത്ത് മണിക്കുട്ടി നിൽക്കുന്നത് കണ്ടു. കുഞ്ഞിപ്പൂമ്പാറ്റ മെല്ലെ പറന്നു ചെന്നു. പട്ടുപാവാടയുമുടുത്ത് പിച്ച വെച്ചു നടക്കുന്ന മണിക്കുട്ടിക്ക് തന്നെ വലിയ ഇഷ്ടമാണെന്ന് പൂമ്പാറ്റയ്ക്കറിയാം. അവൾക്കും. വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ ധാരാളം പൂക്കളുണ്ട്. അതിൽ നിന്ന് വയറു നിറയെ തേൻനുകരാം. പൂവിലിരുന്ന് തേൻ കുടിക്കുന്ന പൂമ്പാറ്റയുടെ ചിറകിൽ പിടിക്കാൻ മണിക്കുട്ടി ഓടിയെത്തും. പിടികൊടുക്കാതെ അടുത്ത പൂവിലേക്ക് ചാടും. ഇതൊക്കെയായിരുന്നു പൂമ്പാറ്റയുടെ മനസ്സിൽ. എന്നാൽ അന്നു സംഭിച്ചത് അതായിരുന്നില്ല. മണിക്കുട്ടിയുടെ വീട്ടുമുറ്റത്ത് ഒരു പൂവ് പോലും ഉണ്ടായിരുന്നില്ല.

അന്ന് എന്താണ് സംഭവിച്ചത് ? പൂമ്പാറ്റയ്ക്ക് ആദ്യം മനസ്സിലായില്ല. അവൾ ചുറ്റും നോക്കി. അതാ, മുറ്റത്ത് മനോഹരമായ ഒരു പൂക്കളം. പൂമ്പാറ്റ അടുത്ത വീട്ടുമുറ്റത്തേക്ക് പറന്നു. പൂവിനടുത്ത് എത്തിയപ്പോ വല്ലാത്ത ദുർഗന്ധം. പൂമ്പാറ്റയ്ക്ക് തല കറങ്ങുന്നതു പോലെ തോന്നി. കരിവണ്ടുകളും തേനീച്ചകളും ചെടിച്ചുവട്ടിൽ ചത്തുകിടക്കുന്നു. ചത്തുകിടന്നിരുന്ന കരിവണ്ടിനെ എടുത്തുകൊണ്ട് ആ വീട്ടിലെ കൊച്ചുപെൺകുട്ടി അച്ഛനോട് ചോദിച്ചു, എന്തിനാച്ഛാ ഈ വണ്ടിനെ മരുന്ന് തളിച്ച് കൊന്നത് ?

പൂക്കളിൽ നിറയെ ഉറുമ്പ് ഉണ്ടായിരുന്നു. അതിനെ കൊല്ലാൻ ഞാനൽപ്പം മരുന്നു തളിച്ചതാ.

കീടങ്ങളെ മരുന്നു തളിച്ചു കൊല്ലുന്ന ഈ വീട്ടിൽ നിന്ന് ഓടി അകലുന്നതാണ് ബുദ്ധി എന്ന് പൂമ്പറ്റയ്ക്ക് തോന്നി. അവൾ വേഗം പറന്നകന്നു.

RAJASREE.B



## *കഥകളി*

*കേരളത്തിന്റെ സ്വന്തമെന്ന് അവകാശപ്പെടുന്ന കലയാണ് കഥകളി. ഒരു കേരളീയ ദൃശ്യകലയാണ് കഥകളി. തനതുരൂപമായ കഥകളി സകല കലകളുടെയും സംഗമമാണ്. കലയുടെ രാജാവ് എന്ന് അറിയപ്പെടുന്നു. കഥകളിയുടെ ആദ്യരൂപം രാമനാട്ടമാണ്,സാഹിത്യരൂപം ആട്ടകഥയും. 17–18 നൂറ്റണ്ടുകൾക്കിടയിൽജീവിചിരുന്ന കൊട്ടാരക്കര രാജവാണ് രൂപം നൽകിയതെന്നാണ് വിശ്വാസം.പുരാതന കേരളത്തിൽ പ്രചരിച്ചിരുന്ന മതപരവും സാമൂഹ്യവമായ അനേകം കലകളോട് കടപ്പെട്ടിട്ടുണ്ട്.*

*18–ം നൂറ്റണ്ടിൽ ജീവിച്ചിരുന്ന കോട്ടയത്തു തമ്പുരാനാണ് രാമനാട്ടം കഥകളി എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചത്. കഥാപാത്രങ്ങളുടെ സ്വഭാവത്തെ അടിസ്ഥാനമാക്കി കഥകളിയിൽ പച്ച,കത്തി,കരി,മിനുക്ക്,താടി തുടങ്ങിയ വേഷവിധാനങ്ങൾ സ്വീകരിച്ചിരിക്കുന്നു.ലോകത്തിലെ ഏറ്റവും കട്ടിയുള്ള മേക്കപ്പ് എന്ന ഗിന്നസ് റെക്കോർഡ് നേടിയ കേരളീയ കലാരൂപമാണ്കഥകളി.*

*കഥകളിയടെ ചരിത്രത്തിലെ സുവർണകാലമായി കണക്കപ്പെടുന്നത് 19 –ാം നൂറ്റണ്ടിലാണ്. കൊച്ചി വീരകേരളവർമ്മ ഈ കാലഘട്ടത്തിൽ കഥകളിയുടെ വളർച്ചയ്ക്ക് ചെയ്ത സംഭാവനകൾ വിലമതിക്കാനാകാത്തതാണ്.*

*Adithya.Madhu*



## മഴയുടെ ശക്തി

*അലച്ചു പെയ്യുന്ന മഴ.കാവ്യമോൾ ജനാലയിലൂടെ പുറത്തേക്ക് നോക്കിനിന്നു.*
*ചാറ്റലടിച്ച് അവളുടെ മുഖവും മുടിയിഴകളും നനഞ്ഞു. എന്നിട്ടും ജനാലയ്ക്കൽ നിന്നും മാറിയില്ല.അമ്മ ഇനിയും എത്തിയില്ല. അമ്മയെ കാണുന്നില്ലല്ലോ.അമ്മയ്ക്ക് എന്തെങ്കിലും സംഭവിക്കുമോ? എനിക്ക്പേടിയാകുന്നു.പോയി നോക്കാം. കാവ്യമോൾ മഴയെ മറന്ന് അമ്മയെ തേടി ഇറങ്ങി. കുറച്ചുനടന്നപ്പോൾ ഒരാൾക്കൂട്ടം കണ്ടു. പോയി നോക്കാം. അവിടെ ഒരു കുഴിയിൽ അവളുടെ അമ്മ വീണുകിടക്കുന്നതു കണ്ടു. നാട്ടുകാരെല്ലാം കൂടി അമ്മയെ വലിച്ചുകയറ്റി. എന്താഅമ്മേ പറ്റിയത് ?അവൾ ചോദിച്ചു. മഴ കാരണം വഴിയൊന്നും തെളിഞ്ഞു കാണാൻ കഴിഞ്ഞില്ല.നടന്നുപോയപ്പോൾ മുന്നിലെ കുഴി കണ്ടില്ല.അമ്മ പറഞ്ഞു.*
*അമ്മയെ രക്ഷിച്ചവർക്ക് നന്ദി പറഞ്ഞ് അവർ വീട്ടിലേക്ക് പോയി.*

**Rajasree.B**



# നീ വരുക

ഒരു ഇളംക്കാറ്റിൻ കൈകളിൽ തത്തി
കരിമുകിലെങ്ങോ പറന്നകുന്നു
മഴയുടെ വാർമുടിയിൽ നിന്നൂർന്നു
മഴവിൽ തേൻ മലർ വാനിൽ



വയലിൽ കർഷകർ തൻ കിനാവുകൾ
പാറി നടക്കുന്നു അരിയ പൂമ്പാറ്റപ്പോൽ
വരളുന്ന വയലിൻ മനസ്സിൽ
തേൻ മഴ ചൊരിയാതെ നീ
മറയുന്നതെങ്ങോ വാനിലേക്കോ
നിന്നെയും കാത്തിരിക്കും കിനാവുകൾ
അർഥിക്കുന്നു നിൻ ആഗമനത്തിനായി
വരുക നീ പുതു പ്രതീക്ഷതൻ
നമ്പുകൾ മണ്ണിൽ വീരയിക്കാൻ



വരുക പുതുതലമുറതൻ ദാഹം ശമിപ്പിക്കാൻ
വരുക നീ അഹന്ത ദുരീകരിക്കാൻ

–അശ്വിൻ രാജ് ശ്രീകാന്ത്

# മഴ

***ഉച്ച നേരത്തൊരു കൊച്ചു മയക്കത്തിൽ***

***പിച്ചവെച്ചത്തിയ കാർമുകിലെ***

***തല്ലിച്ചിതറുമോ ചില്ലുകണക്കെയെൻ***



*മുന്നിലൂൽമാദിനിയായി പൊഴിഞ്ഞു*

*പൂക്കുന്ന തൈമാവിൽ*

*ചില്ലുകളും നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും*

*കാറ്റിൽ ചാഞ്ചാടിയാടും*

*വയൽപ്പൂക്കളും മഴപ്പെണ്ണിന്റെ കുളിരേറ്റു–*

*വാങ്ങുന്നുവോ പുഴമേലെഓളങ്ങൾ*

*അണയുന്നുവോ മലനുകളിലേ*

*ഉറവയോടിഴകുന്നുവോ നിന്റെ സ്തുതിഗീതം*

*അലകളായ് തഴുകീടുമ്പോൾ*

*എന്റെ ഗതകാലസ്മരണകൾ ഉണരുന്നിതാ*

*മഴയൊരു ഗീതമാകുന്നുവോ എൻ മനമൊരു*

*മയിലായ് ആടുന്നുവോ നീളുന്ന ചെമ്മണ്ണു*

*പാതകളിൽ മഴനീരു നുഴയുന്നു*

*നാഗത്തെ പോൽ ദൂരെ*

*മഴ നീരുനുഴയുന്നു നാഗത്തെപോൽ*

*.എസ്തോലക്കൂട്ടങ്ങളും*

*കാറ്റിൽ ചാഞ്ചാടിയാടും*

*വയൽപ്പൂക്കളും മഴപ്പെണ്ണിന്റെ കുളിരേറ്റു–*

*വാങ്ങുന്നുവോ പുഴമേലെഓളങ്ങൾഉച്ച നേരത്തൊരു കൊച്ചു മയക്കത്തിൽ*

## നിലാവ്

***പിച്ചവെച്ചത്തിയ കാർമുകിലെ***

***തല്ലിച്ചിതറുമോ ചില്ലുകണക്കെയെൻ***

***മുന്നിലുൽമാദിനിയായി പൊഴിഞ്ഞു***

***പൂക്കുന്ന തൈമാവിൽ***

***ചില്ലുകളും നിരന്നാടുന്ന കൈ***

അണയുന്നുവോ മലനുകളിലേ

ഉറവയോടിഴകുന്നുവോ നിന്റെ സ്തുതിഗീതം

അലകളായ് തഴുകീടുമ്പോൾ

എന്റെ ഗതകാലസ്മരണകൾ ഉണരുന്നിതാ

മഴയൊരു ഗീതമാകുന്നുവോ എൻ മനമൊരു

മയിലായ് ആടുന്നുവോ നീളുന്ന ചെമ്മണ്ണു

പാതകളിൽ മഴനീരു നഴയുന്നു

നാഗത്തെ പോൽ ദൂരെ

മഴ നീരുനഴയുന്നു നാഗത്തെപോൽ

–ആനന്ദ്.എ രഞ്ജു



**മഹത് വചനങ്ങൾ**

***1.നാം ദുർബലരാണെന്നു ചിന്തിക്കുന്നതാണ് ഏറ്റവും വലിയ പാപം പരിശുദ്ധി ,ക്ഷമ ,സ്ഥിരോൻമേഷം ,പ്രത്യാശ ഇവയാണ് വിജയത്തിനാവശ്യം***

***–സ്വാമി വിവേകാനന്ദൻ***

***2.സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണാനുള്ളതല്ല മറിച്ച് സ്വപ്നങ്ങൾ ഉറക്കം കെടുത്താനുള്ളതാണ്***

***–എ.പി.ജെ.അബ്ദുൾകലാം***

***3.മതം ഏതായാലും മനുഷ്യൻ നന്നായയാൽ മതി***

***–ശ്രീ നാരായണ ഗുരു***



***രഞ്ജിത്ത്.വി***

# ചങ്ങമ്പുഴ കൃഷ്ണ്പിളള

1911 ഓക്ടോബർ 10 എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം. അച്ഛൻ തെക്കേടത്ത് രാമൻ മേനോൻ അമ്മ ചങ്ങമ്പുഴ വിട്ടിൽ പാറുക്കുട്ടിയമ്മ .കൗമാര പ്രയത്തിൽ
തന്നെ പ്രശസ്തായി.25 വയസിൽ എഴുതിയ രമണനാണ്
അദേഹത്തിന്റെ ആദ്യ കവിത സമഹാരം ബാഷ്പാഞ്ജലി. ചങ്ങമ്പുഴയുടെ ജനപ്രിയ രചനയാണ്
വാഴക്കുല, സകലപകാന്തി,രക്തപുഷ്പങ്ങ ,ഓണപ്പൂക്ക
സ്പന്ദിക്കുന്ന അസ്ഥിമാടം 40 ഓളം കൃതിക രചിച്ചിട്ടുണ്ട്.
37 വയസ്സിൽ 1948 ജൂ 17 ചങ്ങമ്പുഴ കൃഷണപിള്ള ഈ ലോകത്തു നിന്ന് വിടവാങ്ങി

athulya.sivan



# പൈതഗോറസ് (b.c. 580)

ഭൂമി ഉരുണ്ടതാണെന്നു തെളിയിച്ച ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ. ഇദ്ദേഹത്തിൻ ജീവിതദർശനങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ച പൈതഗോറിയൻ സഹോദരസംഘത്തിൽപ്പെട്ടവർ സംഖ്യകളെ ദൈവമായി ആരാധിക്കുകയും സംഖ്യയിൽ നിഗൂഢശക്തിയുണ്ടെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു.

ജ്യാമിതിയിലെ ഏറ്റവും പ്രശസ്തമായ സിദ്ധാന്തമാണ് പൈതഗോറസ് സിദ്ധാതം.സിദ്ധാന്തത്തിന് തെളിവ് ആദ്യമായി നൽകിയത് ഇദ്ദേഹമാണ്. മട്ടത്രികോണത്തി കോണുകളുടെ അളവുകളുടെ തുക 180 ഡിഗ്രി ആയിരിക്കുമെന്ന് കണ്ടെത്തിയത് ഇദ്ദേഹമാണ്. സംഗീതവും ഗണിതവും തമ്മിലുള്ള ബന്ധം അവിഷ്കരിച്ചത് ഇദ്ദേഹമാണ്. തത്ത്വചിന്തയും തമ്മിൽ പൈതഗോറസ് ബന്ധിപ്പിച്ചിരുന്നു.

sandra.s



# നന്മയുടെ മധുരം

ആകെ കീറിയ ഉടുപ്പു മാത്രമുള്ള എനിക്ക് ഈ പ്ഴസിലിരിക്കുന്ന പണം ഉപയോഗപ്പെടുത്താം.
എന്നാൽ ഇതിന്റെ ഉടമയ്ക്ക് ഇതുകൊണ്ട് അത്യാവശ്യ കാര്യങ്ങൾ ചെയാനുണ്ടാകും.
റോഡിൽ വീണുപോയ ഈ പഴ്സ് എന്തുകൊണ്ട് എന്റെ മുന്നിൽ തന്നെ വന്നെട്ടു.റോഡിൽ കൂടി നടക്കുമ്പോൾ മനസ്സ് എന്നോട് പയുന്നു,'നിനക്ക് കിട്ടിയതാണ്. ഇതു നീ സ ന്തമാക്കു."എട്ടാം വയസ്സിൽ അചഛൻ നഷ്ടപ്പെട്ടു. അമ്മ രോഗബാധിതയായി. കോഴിയെ വളർത്തുന്ന വരുമാനം കൊണ്ട് ജീവിക്കുന്നു. ഈ പണംകൊണ്ട് അമ്മയെ ആശുപത്രിയിൽ കാണിക്കാം.ഉടുപ്പുവാങ്ങാം.
വേണ്ട,പാപമാണ് എനിക്കർഹമല്ലാത്ത പണം ഉപയോഗിക്കരുത്.പ്ഴ്സിൽ നിന്നു കിട്ടിയ വിലാസം നോക്കിയാൽ വളരെ ദൂരെയാണ് ബസ്സിൽ പോയാൽ വേഗം എത്താം പക്ഷേ ,പണമില്ല . ഈ പ്ഴ്സിൽ നിന്നെടുക്കുന്നതും ശരിയല്ല .നടന്നേ പറ്റു.
"ടിങ് ടോങ്"
"ആരാണ്?"
"സർ,ഇതു നിങ്ങളുടെ പഴ്സാണോ?"
"അതേ ഇത് എവിടെ നിന്നു കിട്ടി?
"റോഡൽ നിന്നും "
"വളരെ നന്ദി . ഇതിലെ പണത്തിലും വലുത് എ തിരിച്ചറിയൽ കാർഡാണ്."
"അല്ല, താങ്കളെന്താണ് ക്ഷീണിച്ചിരിക്കുന്നത്?"
"നടന്നാണ് വന്നത്

അതുകൊണ്ടാ."
"അയ്യോ,ബസ്സുണ്ടായിരുന്നല്ലോ ഈ റൂട്ടിൽ"
"പക്ഷേ,എ കൈയിൽ പണമില്ലായിരുന്നു."
അയാൾ പെട്ടെന്ന് അകത്തേക്ക് പോയി.തിരികെ വന്നത് എന്നെ വീട്ടിൽ കൊണ്ടുവിടാമെന്നു പറഞ്ഞായിരുന്നു. അയാൾ കൊണ്ടുവിട്ടത് ദാരിദ്ര്യത്തിൽ നിന്നും പുതിയ ജീവിതത്തിലേക്കായിരുന്നു.
പുതിയ വീട് അമ്മയുടെ ചികിത്സ,നല്ല കമ്പിനിയിൽ ജോലി ഇതിനെല്ലാം ചെലവ്
വഹിച്ചത് ആ പ് ഴസി ടമയാണ് അന്ന് പഴ്സ് സ്വന്തമാക്കാൻ ശ്രമിച്ചിരുന്നെങ്കില്‍ ജിവിതത്തിൽ മാറ്റവും ഉണ്ടാകില്ലായിരുന്നു. ആ പഴ്സ് എത്തിക്കാൻ തോന്നിച്ചതിന് ദൈവത്തിന് നന്ദി.

പ്രിയാപ്രകാശ്



# കാട്ട്പൂവ്

ചിതറിത്തെറിക്കുന്ന  ചിന്തകളിലെപ്പൊഴും
നിന്റെയി  പുഞ്ചിരിയൊന്നുമാത്രം
മഴവില്ല് പോലെ നീ മനസ്സിൽ
തെളിയുമ്പൊൾ    ഉണരുന്നു എന്നിലെ
മോഹങ്ങളും
ചിതറിത്തെറിക്കുന്ന ചിന്തകളിലെപ്പൊഴും
നിൻെയി പുഞ്ചിരിയൊന്നു മാത്രം
മഴവില്ല്പോലെ നീ മനസ്സിൽ
തെളിയുമ്പൊൾ ഉണരുന്നു എന്നിലെ
മോഹങ്ങളും
കൃഷണ തുളസിക്കതിർത്തുമ്പ്
മോഹിക്കും നിൻെയീ വാർമുടിച്ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും മോഹിച്ചിടുന്നു
നിന്നരികിലെത്താൻ മണമില്ല മധുവില്ല പൂജക്കെടു-
ട്ക്കില്ല താനെ വളർന്നൊരു കാട്ടുപ്പൂവാണു ഞാൻ
വിടരും മുമ്പെ പൊഴിയുന്ന ഇതളുള്ള പൂജക്കെടുക്കാത്ത
കാട്ടുപ്പൂവാണു ഞാൻ

*–mohul.m*



## മാധവിക്കുട്ടി(1934-2009)



*തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളത്ത് ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശസ്തയായ എഴുത്തുകാരി.ഇംഗ്ലീഷിൽ കമ- ലാദാസ് എന്നപേരിൽ രചനകൾ നടത്തുന്നു. കേരള സാഹിത്യ അക്കാദമി,വയലാർ,എഴു- ത്തച്ഛൻ അവാർഡുകൾ,ഏഷ്യൻ വേൾഡ് പ്രൈസ്,ഏഷ്യൻ പൊയട്രി പ്രൈസ്,കെ- ന്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.*

*കടൽ മയൂരം,ഭയം എന്റെ നിശാവസ്ത്രം,എന്റെ സ്നേഹിത,അരുണ, മാനസി,എന്റെ കഥ,തണുപ്പ്,ബാല്യകാല- സ്മരണകൾ,നഷ്ടപെട്ട നീലാംബരി,ചന്ദന മരങ്ങൾ,മനോമി,ഒറ്റയടിപ്പാത,പിതൃപരമ്പര, പഴയകളിവീട്ടം മറ്റുകവിതകളും,ചൂളംവിളികൾ തുടങ്ങിയവ പ്രധാനകൃതികൾ.*

**ഹരിപ്രിയ**



# മരിച്ചവരുടെ കുന്ന്

ഈജിപ്ത്, മെസൊപ്പൊട്ടേമിയ, ക്രീറ്റ് എന്നിവിടങ്ങളോടൊപ്പം ലോകം കൊണ്ടാടുന്ന സിന്ധുനദീതട മാഹസംസ്കാരത്തിന്റെ ഭാഗമായ ഈ നഗരത്തിന്റെ യഥാർത്ഥ പേര് ഇന്നും അജ്ഞാതമാണ്. അവിടെ നിന്നും ഖനനം ചെയ്തെടുത്ത സീലുകളിലെ ആലേഖനങ്ങളുടെ കുരുക്കഴിക്കാൻ ഇപ്പോഴും നമുക്ക് ആയിട്ടുമില്ല. ആയിരക്കണക്കിന് വർഷം വിസ്മൃതിയിലാണ്ട് മണ്ണിൽ പൂണ്ട് കിടന്ന ആ നഗരാവശിഷ്ടങ്ങളുടെ പൊട്ടും പൊടിയും പിന്നീട് അവിടം വസിച്ച ഗ്രാമീണർ ശ്രദ്ധിച്ചിരുന്നു. ഭയത്തോടെ അവർ ആ ഉയർന്ന മൺ തിട്ട് പ്രദേശത്തെ വിളിച്ച പേരാണ് മോഹൻജൊ ദാരോ. സിന്ധ് ഭാഷയിൽ "മോഅൻ" അല്ലെങ്കിൽ "മോയെൻ" എന്ന പദത്തിന്റെ അർത്ഥം "മരിച്ചവർ" എന്നും 'ദാരോ' എന്നാൽ കുന്ന് എന്നുമാണ്. മരിച്ചവരുടെ കുന്നാണ് 'മോഹൻജൊ ദാരോ'. 4600 വർഷം മുമ്പ് മനുഷ്യ സംസ്കാരം വളർന്ന് പൂവിട്ടയിടം പിന്നീട് ബി,സി.1900 ൽ നശിച്ച് മണ്ണ് മൂടി ലോക ശ്രദ്ധയിൽ നിന്നും അപ്രത്യക്ഷമായി. 1826 ൽ ചാൾസ് മാസൺ എന്ന ബ്രിട്ടീഷ് സഞ്ചാരിയാണ് കൂട്ടമായി കിടക്കുന്ന ഇഷ്ടികകൾ ശ്രദ്ധിച്ചത്. പഴയ കോട്ടകളുടെ ഭാഗമായിരിക്കും എന്ന കരുതി അദ്ദേഹം അത് അവഗണിച്ചു. 1856 ലാഹോർ– മുൾത്താൻ

റെയിൽ പാത നിർമ്മിക്കുന്നതിനിടയിൽ ഹാരപ്പയിൽ ബ്രിട്ടീഷ് എഞ്ചിനിയർമാർ ഈ ഉറപ്പുള്ള ഇഷ്ടികകൾ കണ്ടു. തൊഴിലാളികളെ കൊണ്ട് പതിനായിരക്കണക്കിന് ഇഷ്ടികകൾ ഇളക്കി എടുപ്പിച്ച് പാളത്തിനടിയിൽ ഇട്ടുകൂട്ടി. മാനവ സംസ്കാര വികാസത്തെക്കുറിച്ച് ലോകജനതയ്ക്ക് മുഴുവൻ നൂറായിരം പുതിയ അറിവുകൾ പകർന്നു തരുമായിരുന്ന ആ നഗരാവശിഷ്ടങ്ങൾക്ക് മുകളിലൂടെ തീവണ്ടികൾ ഓടി. എത്രയോ വിലപ്പെട്ട തെളിവുകളാണ് അബദ്ധത്തിൽ അന്ന് നഷ്ടമായത്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥനായിരുന്ന രാഖേൽദാസ് ബന്ദോപാദ്ധ്യയാണ് 1922 ൽ മോഹൻജൊ ദാരോ കണ്ടെത്തിയത്. ഇന്ത്യൻ സ്വാതന്ത്ര്യത്തോടെ നടന്ന വിഭജനത്തിൽ ഹാരപ്പയും മോഹൻജൊ ദാരോയും പാക്കിസ്ഥാന്റെ അധീന പ്രദേശത്തായി.

എന്നെങ്കിലും സിന്ധു നദീ തട സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന ആ അത്ഭുത ഭൂമി നടന്ന് കാണുകയെന്നത് എന്റെ വലിയ ആശയായിരുന്നു. 4600 വർഷം മുമ്പ്– ചാഞ്ഞ് വെയിൽ പതിയുന്ന ഒരു സന്ധ്യയിൽ ആ നഗര വഴികളിലൂടെ സൈന്ധവർക്കൊപ്പം ഞാൻ നടന്നു നീങ്ങുന്ന ഒരു ഭ്രാന്തൻ സ്വപ്നം ഇടക്കൊക്കെ കാണും. ഒരിക്കലും മോഹൻജൊ ദാരോ യിൽ ഞാൻ എത്തില്ല എന്ന സങ്കടത്തിലാഴുന്ന നേരത്താണ് ലോഥലിനെയും ധോളാവീരയേയും കുറിച്ച് കേൾക്കുന്നത്. ഗുജറാത്തിലെ അഹമ്മദാബാദ് ജില്ലയിൽ സരഗ്വാല ഗ്രാമത്തിനടുത്താണ് ലോഥൽ എന്ന ഇന്ത്യൻ 'മോഹൻജൊ ദാരോ' – ഗുജറാത്തി ഭാഷയിൽ 'ലോഥ് – തൽ' എന്ന വാക്കിന്റെ

അർത്ഥം 'മരിച്ചവരുടെ കുന്ന്' എന്നു തന്നെയാണ്. 1954 ൽ എസ്.ആർ.റാവുവിന്റെ നേതൃത്വത്തിൽ നടന്ന അന്വേഷണങ്ങളാണ്ശീതങ്കൻ തുള്ളൽ സൗരാഷ്ട്രൻ മുനമ്പിൽ സബർമതി നദിയുടെ വറ്റിയ കൈവഴികളുടെ കരയിലെ മണ്ണറഞ്ഞുകിടന്ന പട്ടണം ലോകത്തിന് കാട്ടിക്കൊടുത്തത്. 400 മീറ്റർ നീളവും 300 മീറ്റർ വീതിയിലുമുള്ള ഈ കേന്ദ്രത്തിനു ചുറ്റും വെള്ളപ്പൊക്കം തടയായാനായി 13 മീറ്റർ കനത്തിലുള്ള മൺകട്ടകൾ കൊണ്ടു പണിത മതിൽ ഉണ്ടായിരുന്നു. മോഹൻജൊ ദാരോ, ഹാരപ്പ, കാലിബംഗാൻ തുടങ്ങിയവയുടെ അതേ രീതിയിൽ സംവിധാനപ്പെടുത്തിയ ജനപദമായിരുന്നു ഇവിടവും. ക്രമത്തിൽ നിരനിരയായുള്ള കെട്ടിടങ്ങളും ഇടയിലൂടെയുള്ള നീളൻ പാതകളും, അവയ്ക്ക് വിലങ്ങനെയുള്ള നിരവധി ക്രോസ് റോഡുകളും ഉള്ള അത്ഭുതകരമായ നഗരാസൂത്രണം. ശുദ്ധ ജലത്തിനുള്ള കിണറുകൾ, ശൗചാലയങ്ങൾ, അഴുക്കു ചാലുകൾ എന്നിവയുടെ സാന്നിദ്ധ്യം. കോട്ട, കച്ചവടകേന്ദ്രങ്ങൾ, താമസ സ്ഥലങ്ങൾ, എന്നിങ്ങനെ വിവിധ ബ്ളോക്കുകളായുള്ള തരം തിരിക്കുന്ന രീതിയും ഒക്കെ ഇവയുടെ പ്രത്യേകതയാണ്.

ബി.സി.2500 മുതൽ ബി. സി. 1300 വരെയായിരുന്നു ലോഥലിന്റെ സുവർണ്ണ കാലം. ലോകത്ത് ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും പഴക്കമുള്ള ഡക്ക് ഇവിടെ ആണുള്ളത്. ജലയാനങ്ങൾക്ക് തമ്പടിക്കാനും, ചരക്കുകൾ കയറ്റി ഇറക്കാനും സൗകര്യമുള്ള ഇടം. നാലു ഭാഗവും ഭംഗിയായി ചുട്ട ഇഷ്ടികകൾ കെട്ടി ബലപ്പെടുത്തി 218 മീറ്റർ നീളവും 37 മീറ്റർ വീതിയുമുള്ള കൃത്യമായ ചതുരവടിവിൽ പണിത ഡൊക്ക്. വെള്ളം പുറത്തേക്ക് ഒഴുക്കികളയാനും

*പിടിച്ച് നിർത്താനും ഉള്ള സംവിധാനങ്ങൾ അവർക്ക് ഉണ്ടായിരുന്നു.. ആ കാലത്തെ വികസിത സംസ്കാരങ്ങളായ ഈജിപ്റ്റിൽ നിന്നും മെസപ്പൊട്ടോമിയയിൽ നിന്നും കപ്പലുകൾ വേലിയേറ്റ സമയങ്ങളിൽ സബർമതിയുടെ കൈവഴിയിലൂടെ പ്രത്യേക ചലുകൾ കടന്ന് ഈ ഡൊക്കിലെത്തി കാത്തുകിടന്നു. അരികിലായി നാലു മീറ്റർ ഉയരത്തിൽ ഇഷ്ടികകൊണ്ട് പണിത പോഡിയം . 64 ബ്ലോക്കുകളുള്ള നീളൻ പാണ്ടികശാല. അതിനും വടക്കായി ഉയർന്ന തലത്തിൽ നഗരാധിപന് സർവ്വവും നിരീക്ഷിക്കാനാകും വിധമുള്ള താമസസ്ഥലം, തുടർന്ന് കീഴ്പട്ടണം– ആഭരണ നിർമ്മാണ ശാലകൾ– ദൂരെയായി ശ്മശാനം. ലോകത്തിലെ ആഭരണങ്ങളുടെ കുത്തക നിർമ്മാണവും വിൽപ്പനയും ആയിരുന്നു ഇവിടത്തെ പ്രധാന പ്രത്യേകത. ചുട്ടെടുത്ത കളിമണ്ണ്കൊണ്ടും, വിലപിടിപ്പുള്ള തിളക്കക്കല്ലുകളാലും, കല്ലുകൾ കോർത്തും ആഭരണങ്ങൾ പണിയാൻ ഇവർ സമർത്ഥരായിരുന്നു. ലോഥലിലെ മ്യൂസിയത്തിൽ ഇവിടെ നിന്നും കണ്ടെടുത്ത ബീഡുകളുടെ ശേഖരം പ്രദർശനത്തിന് വെച്ചിട്ടുണ്ട്. സ്ഫടിക ജാറിൽ ഒരു മില്ലീമീറ്ററിലും വലിപ്പം കുറഞ്ഞ മണൽത്തരികളെപ്പോലുള്ള കുഞ്ഞ് കല്ലുകൾ. മാലകോർക്കാനായി ഈ ബീഡുകളുടെ മദ്ധ്യത്തിൽ അതിസൂക്ഷ്മമായ ദ്വാരമുണ്ട്. അത് കാണാൻ ലെൻസുകളും ഒരുക്കിവെച്ചിട്ടുണ്ട്. വെറും കണ്ണ്കൊണ്ട്കാണാനകാതത്ര ചെറുതായ സൂക്ഷ്ദ്വാരങ്ങൾ! അവ 4600 വർഷം മുമ്പ് പണിയാൻ സഹായിച്ച ഉപകരണവിദ്യയെക്കുറിച്ച് നാം അമ്പരന്നുപോകും.*

*ചുട്ടെടുത്ത കളിമണ്ണിൽ പണിത കളിവണ്ടികൾ, മറ്റ് വിവിധ തരം*

കളിപ്പാട്ടങ്ങൾ എന്നിവയും ഇവരുടെ സ്പെഷാലിറ്റി ആയിരുന്നു. കുട്ടികൾക്ക് ഇത്രയധികം കളിപ്പാട്ടങ്ങൾ നൽകിയിരുന്ന ഇവരുടെ സാമൂഹ്യസന്ദര്യം നമ്മെ അമ്പരപ്പിക്കും. മുതിർന്നവർക്ക് വിനോദവേളകൾക്കായി പകിടകളും കളങ്ങളും പണിതിരുന്നു. കൂടാതെ കൊമ്പിലും ചെമ്പിലും നിരവധി വസ്തുക്കൾ ഇവർ ഉണ്ടാക്കും. നിറം പിടിപ്പിച്ച് മനോഹരമാക്കിയ പരുത്തിവസ്ത്രങ്ങളും ഇവർ വിൽപനയ്ക്ക് വെച്ചിരുന്നു. തൂക്കക്കല്ലുകളും അളവു പാത്രങ്ങളും കൂടാതെ ഒന്ന് ദശാംശം ഏഴ് മില്ലീമീറ്റർ അകലത്തിലുള്ള അടയാളങ്ങൾ മാർക്ക്ചെയ്ത, ആനക്കൊമ്പിൽ പണിത സ്കെയിലും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. ഏറ്റവും മികച്ച കരകൗശലക്കാരുടെ ആഭരണ ഫാക്ടറികൾ ആവശ്യക്കാർക്ക് മുഴുവൻ വേണ്ട സാധാനങ്ങൾ നൽകാനായി സദാസമയവും പ്രവർത്തിച്ചുകൊണ്ടിരുന്നു..

ടെറാകോട്ടയിൽ പണിത ആഫ്രിക്കൻ ഗൊറില്ലയുടേയും ഈജിപ്ത്യൻ മമ്മിയുടെയും താടിക്കരന്റെയും രൂപങ്ങൾ ഇവിടെ നിന്ന് കിട്ടീട്ടുണ്ട്. ഇവർക്ക് ഇവയൊക്കെ പരിചയമുണ്ടെങ്കിൽ ഇവരും ദൂരദേശങ്ങളിലേക്ക് സഞ്ചാരം നടത്തീട്ടുണ്ടാകാം. അല്ലെങ്കിൽ കച്ചവടക്കാർ കൗതുകത്തിനായി ഗൊറില്ലകളെ ഇങ്ങോട്ട് കൊണ്ടുവന്നിരിക്കാം.. പൂഞ്ഞയുള്ളതും ഇല്ലാത്തതുമായ കാളകൾ, പട്ടികൾ, കരടി, കടുവ ഒറ്റക്കൊമ്പൻ കുതിര എന്നിവയെ കൂടാതെ കാണ്ടാമൃഗത്തിന്റെ രൂപവും കൂടി ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. കണ്ടാമൃഗത്തിന്റെ ശരീരമടക്കുകൾ പോലും വ്യക്തമാകും തരത്തിൽ തൊട്ടടുത്ത് നിന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാണ് അവ ഉണ്ടാക്കിയത്. ഇന്ന് അസമിൽ മാത്രം കാണുന്ന ഇത്തരം കാണ്ടാമൃഗങ്ങൾ ഹാരപ്പൻ

*കാലത്ത് ലോഥലിനു ചുറ്റുമുള്ള ചതുപ്പുകളിൽ അലഞ്ഞ്മേഞ്ഞിരിക്കാം.*

*നട്ടുച്ചയിലാണ് ലോഥലിൽ ഞാൻ എത്തിയത്. വെയിലിന്റെ ചൂട് അറിഞ്ഞില്ല. ആ മഹാനഗരിയുടെ മണ്ണിൽ ചവിട്ടിയപ്പോൾ ശരീരം ഉള്ളുത്തുകയറി. നൂറ്റാണ്ടുകൾ മുമ്പ് ഈജിപ്റ്റിൽ നിന്നും സുമേറിയയിൽ നിന്നുമൊക്കെ കച്ചവടത്തിനെത്തിയ യാനപാത്രങ്ങളിലെ ആരവം ഞാൻ കേൾക്കുന്നു..*

ആക്രോശങ്ങളും പൊരുതലുകളുമില്ലാത്ത കാലാകാർന്മാരുടെ സൗമ്യജീവിതം. കീഴ്പട്ടണത്തിൽ സംഗീതത്തിന്റെ അലകൾ.

**മൂക്കുത്തിയും കമ്മലും വളകളും മാലകളും അണിഞ്ഞ് തെരുവുകളിൽ പലരും ചിരിച്ച്കാണിച്ച് സന്തോഷത്തോടെ എന്നെ കടന്നുപോകുന്നു. ചില ഗൃഹങ്ങളിൽ നിന്നും നൃത്ത ചുവടുകളുടെ താളം കേൾക്കാം. ആഭരണ ഫാക്ടറികളിൽ കല്ലുകൾ മിനുസപ്പെടുത്തുന്നതിന്റെ സീൽക്കാരങ്ങൾ. ഉലകളിൽ തീച്ചൂട്. ചൂളകളിൽ നിന്നുയരുന്ന പുകച്ചുരുളുകൾ. ഉച്ചവെയിൽ ചൂട് ഞനറിയുന്നുണ്ടായിരുന്നില്ല. വിശാലമായ ഡൊക്കിൽ നിന്നുമടിക്കുന്ന കാറ്റിന്റെ കുളിർമയിൽ ഞാൻ എത്രയോ കാലമായി കാത്തിരുന്ന എന്റെ മോഹൻജൊ ദാരോയെ അറിഞ്ഞു.**

**നേഹ അതുല്യ**



**വൈലോപ്പിള്ളി ശ്രീധരൻ മേനോൻ**

എറണാകുളം ജില്ലയിലെ കലൂരിൽ

ജനിച്ചു.കാച്ചിക്കുറുക്കിയ കവിത എന്ന് ഇദ്ദേഹത്തിന്റെ കവിതകളെ വിശേഷിപ്പിക്കാറുണ്ട്. കേരളീയത എന്ന അംശം വൈലോപ്പിള്ളിക്കവിതയിൽ ആകെ വ്യാപിച്ചു കിടക്കുന്ന ഒരു കുളിർമയാണ്.അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നാണ് വൈലോപ്പിള്ളി കവിതകൾ പിറന്നത്.കേന്ദ്ര-കേരള സാഹിത്യ അക്കാഡമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

കയ്പവല്ലരി

,കടൽക്കാക്കകൾ

,കന്നിക്കൊയ്ത്ത്,മകരക്കൊയ്ത്ത്,ശ്രീരേഖ,വിത്തും കൈക്കോട്ടും

,ഓണപ്പാട്ടുകൾ

,വിട,കുടിയൊഴിക്കൽ

,കുന്നിമണി,മൃതസഞ്ജീവനി(കാവ്യനാടകം),ഋശ്യശൃംഗനും അലക്സാണ്ടറും(നാടകം),കാവ്യലോകസ്മരണകൾ(ആത്മകഥകൾ)തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ഗ്രീഷ്മ

(പ്രളയം)കേരളത്തോളം വളർന്ന കൂട്ടായ്മയുടെ കരുത്തിൽ നമ്മുടെ നാട് ആത്മവിശ്വാസത്തോടെ പടവുകൾ കയറുന്ന ഒറ്റക്കെട്ടായി ഒരേ മനസ്സോടെ നമ്മൾ കേരളത്തേ വിഴുങ്ങിയ ആ വലിയ പ്രളയത്തിൽ ഹരിതവർണ്ണമായ കേരളം പൊലിഞ്ഞു.പ്രളയക്കെടുതിയിൽ ഇന്നും കര കയറാതെ കേരളം.ഏറ്റവും പ്രതികൂലവും അങ്ങേയറ്റം ക്ലേശകരവും ഇച്ഛാശക്തിയും കൊണ്ട് ആയിരക്കണക്കിന് തിരികെ.എന്നാലും നാശം വിതച്ചതിൽ നിന്നും കേരളം ഇന്നും മുങ്ങുന്നു .പ്രളയജലത്തിൽ ആണ്ടു പോയ കേരളത്തെ കൈപിടിച്ചുയർത്താൻ മനുഷ്യപ്രയത്നവും കേരളത്തെ രക്ഷിച്ചു.ഒരു തരത്തിലുമുള്ള സമാനതകളില്ലാത്ത ഒരു ദുരന്തത്തെ അഭിമുഖീകരിക്കേണ്ടി വന്ന കേരള ജനത വാക്കുകളെ തോൽപ്പിച്ച്,പ്രവർത്തികൊണ്ട് ലോകത്തിന് മാതൃകയായി മാറി. ദുരന്തം എത്ര വലുതായാലും അതേൽപ്പിക്കുന്ന മുറിപ്പാട് സ്നേഹത്തിന്റെയും ,സഹകരണത്തിന്റെയും പ്രതീകമാണ്.

വൃന്ദ വിജയ വിജയൻ,



**ഇന്ത്യയുടെ ഭരണഘടന✍**

*ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യയുടെ ഭരണഘടന (Hindi: भारतीय संविधान). രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ,മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്ര ഭരണത്തിനായുള്ള നിർദ്ദേശകതത്വങ്ങൾ, മുതലായവ ഭരണഘടന മുന്നോട്ടുവെയ്ക്കുന്നു. പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന. അതിന് 395 അനുച്ഛേദങ്ങൾ (ആകെ ഇതുവരെ യഥാർത്ഥത്തിൽ 450) ഉണ്ട്.*

*1949 നവംബർ 26 –നാണ് ഭരണഘടനാ നിർമ്മാണ സഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചത്. 1950 ജനുവരി 26 ന് അത് പ്രാബല്യത്തിൽ വന്നു.*

*രൂപവത്കരണ പശ്ചാത്തലം*

*1946–ലെ കാബിനെറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപവത്കരിച്ച ഭരണഘടനാ നിർമ്മാണസഭയെയായിരുന്നു (കോൺസ്റ്റിറ്റുവന്റ് അസ്സംബ്ലി) ഇന്ത്യൻ ഭരണഘടന രൂപവത്കരിക്കുന്നതിനുള്ള ചുമതല ഏൽപിച്ചത്. ഈ സഭ, പതിമൂന്നു കമ്മിറ്റികൾ ചേർന്നതായിരുന്നു. ഈ സഭയിലെ അംഗങ്ങളിൽ പ്രാദേശിക നിയമസഭകളിൽ നിന്നും അവയിലെ അംഗങ്ങൾ തിരഞ്ഞെടുത്തവരും, നാട്ടുരാജ്യങ്ങളുടെയും മറ്റു പ്രദേശങ്ങളുടെയും പ്രതിനിധികളും, ഉണ്ടായിരുന്നു. ആകെ 389 അംഗങ്ങളുണ്ടായിരുന്ന സഭയുടെ അംഗത്വം പിന്നീട് ഭാരതം വിഭജിക്കപ്പെട്ടപ്പോൾ 299 അംഗങ്ങളായി ചുരുങ്ങി.*

*സഭയുടെ ഉദ്ഘാടനയോഗം 1946, ഡിസംബർ 9–ന് ചേർന്നു.1949, നവംബർ 26 വരെ സഭ പ്രവർത്തിച്ചു. ഡോ.സച്ചിദാനന്ദ സിൻഹ*

*ആയിരുന്നു സഭയുടെ അന്ന് താത്കാലിക ചെയർമാൻ. 1946 ഡിസംബർ 11-ന് ഡോ. രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡന്റായി തെരഞ്ഞെടുത്തു.സഭയുടെ നിയമോപദേഷ്ടാവ് ശ്രീ ബി.എൻ. റാവു ആയിരുന്നു.*

*29 ഓഗസ്റ്റ്, 1947-ന് സഭ, അന്നത്തെ നിയമമന്ത്രിയും പട്ടികജാതി നേതാവുമായിരുന്ന ഡോ.ബി.ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു കരട് (ഡ്രാഫ്റ്റിംഗ്) കമ്മിറ്റി രൂപവത്കരിച്ചു. ശ്രീ. ബി.എൻ.റാവു ആയിരുന്നു ഭരണഘടനാ ഉപദേശകൻ.*

*ഇന്ത്യൻ ഭരണഘടന എന്ന ദൌത്യം പൂർത്തിയാക്കാൻ കൃത്യം രണ്ടു വർഷം, പതിനൊന്ന് മാസം, പതിനെട്ട് ദിവസം വേണ്ടി വന്നു. ആകെ 165 ദിവസത്തോളം നീണ്ട ചർച്ചകൾ സഭയിൽ നടന്നു . ഇവയിൽ 114 ദിവസവും കരട് ഭരണഘടനയുടെ ചർച്ചയായിരുന്നു നടന്നത്. കരടു ഭരണഘടനയിൽ 7,635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. 2,437 ഭേദഗതികൾ തീരുമാനിക്കപ്പെട്ടു. ഭരണഘടനയുടെ ആദ്യപകർപ്പ് 1948 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ചു.*

*1949 നവംബർ 26-ന് ഘടകസഭ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപവത്കരിച്ച ഭരണഘടന അംഗീകരിക്കുകയും, സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും നവംബർ 26-ാം തീയതി ഭാരതത്തിൽ നിയമ ദിനമായി ആചരിക്കുന്നത്.*

*ഭാരതത്തിന്റെ ഭരണഘടന സഭയുടെ അംഗങ്ങൾ ഒപ്പുവക്കുന്നത് 1950 ജനുവരി 25-നാണ്. തുടർന്ന് ഭരണഘടനാ പ്രഖ്യാപനവും, ഭരണഘടന പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തത് 1950 ജനുവരി 26-നായിരുന്നു. ഇതിന്റെ ഓർമ്മക്ക് എല്ലാ വർഷവും ജനുവരി 26-ാം തീയതി ഭാരതം റിപ്പബ്ലിക്ക് ദിനമായി ആചരിക്കുന്നു.*

*ഘടകസഭയുടെ അന്തിമ അംഗീകാരം ലഭിക്കുമ്പോൾ, ഇന്ത്യൻ ഭരണഘടനയിൽ 395 വകുപ്പുകളും, 8 പട്ടികകളും മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ, 444-ലേറെ വകുപ്പുകളും 12 പട്ടികകളും*

*ഭരണഘടനയിലുണ്ട്. ഏറ്റവും അധികം ഭേദഗതികൾക്കു വിധേയമായ ഭരണഘടനയും ഭാരതത്തിന്റെ തന്നെ.*

*ഭരണഘടനാനിർമ്മാണസഭയിൽ നടന്ന ചർച്ചകൾ ഭരണഘടനയുടെ അർത്ഥം മനസ്സിലാക്കാൻ ഏറ്റവും സഹായകമായവയാണ്.*

*പ്രത്യേകതകൾ*

*ലോകത്തിലെ ലിഖിതമായ ഭരണഘടനകളിൽ ഏറ്റവും ദീർഘമായത്.*
*22 ഭാഗങ്ങൾ, 444 അനുഛേദങ്ങൾ , 12 പട്ടികകൾ*
*ഇന്ത്യയെ ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമായി പ്രഖ്യാപിക്കുന്നു.*
*ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും മൗലികാവകാശങ്ങൾ ഉറപ്പ് നൽകുന്നു.*
*ഒരു ജനാധിപത്യ പ്രതിനിധിസഭയുടെ ഭരണം രൂപവത്കരിച്ചു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമനിർമ്മാണസഭയിലാണ് ഭരണഘടനാ ഭേദഗതികൾ അധികാരപ്പെടുത്തിയിരിക്കുന്നത്.*
*പരമാധികാരമുള്ള വ്യത്യസ്ത സംസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചു.*
*ഇന്ത്യയെ ഒരു മതേതര രാജ്യമായി പ്രഖ്യാപിക്കുന്നു.*
*പ്രായപൂർത്തിയായവർക്ക് (18 വയസ്സ് തികഞ്ഞവർക്ക്) സമ്മതിദാനാവകാശം ഉറപ്പ് വരുത്തുന്നു.*
*ഒരു സ്വതന്ത്രനീതിന്യായ വ്യവസ്തിഥി നിർമ്മിച്ചു.*

*ഭരണഘടനാ ശിൽപികൾ*

*ഇന്ത്യൻ ഭരണ ഘടനയുടെ മുഖ്യ ശിൽപി അംബേദ്കറാണ് – ഡോ. ഭീമറാവു റാംജി അംബേദ്കർ*

*ഭേദഗതികൾ*

*ഭേദഗതിയെകുറിച്ച് പ്രതിപാദിക്കുന്നത് വകുപ്പ് 368 ലാണ്.*

*ആമുഖം ഒരു പ്രാവശ്യം മാത്രമെ ഭേദഗതി ചെയ്തിട്ടുള്ളു.*

*1 – ആം ഭേദഗതി (1951)*
*42–ആം ഭേദഗതി (1976) ലാണ്, മതേരഇന്ത്യയുടെ ഭരണഘടന✍*
*ത്വം, സോഷ്യലിസം എന്നിവ ആമുഖത്തിൽ ചേർത്തത്. മിനി*
*കോൺസ്റ്റിറ്റ്യൂഷൻ' എന്നാണ് ഈ ഭേദഗതിയെ പറയുന്നത്.*
*44–ആം ഭേദഗതി (1978) പ്രകാരം സ്വത്തിനുള്ള അവകാശം*
*മൗലികാവകാശങ്ങളിൽ നിന്ന് നീക്കം ചെയ്തു.*
*52–ആം ഭേദഗതി (1985) കൂറുമാറ്റ നിയമംകൊണ്ടുവന്നു.*
*73–ആം ഭേദഗതി പ്രകരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ*
*സ്ത്രീകൾക്ക് സീറ്റ് സംവരണം ചെയ്തു.*
*84–ആം ഭേദഗതി (2000) പ്രകാരം ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ,*
*ഝാർഖണ്ഡ് എന്നിവ രൂപീകരിച്ചു.*
*89–ആം ഭേദഗതി (2003) പ്രകാരം പട്ടിക വർഗ്ഗകാർക്കുവേണ്ടി പ്രത്യേക*
*ദേശീയ കമ്മീഷൻ രൂപീകരിച്ചു.*
*92–ആം ഭേദഗതി (2003) പ്രകാരം 8–മത്തെ ഷെഡ്യൂളൽ ബോഡൊ,*
*ഡോഗ്രി, മൈഥിലി, സന്താൾ ഭാഷകൾ ചേർത്തു.*

*മറ്റു വിവരങ്ങൾ*

*ഭരണഘടനയുടെ ശില്പി ഡോ. ബി.ആർ. അംബേദ്കർ ആണ്.*
*മൗലികാവകാശങ്ങളുടെ ശില്പി ശ്രീ ഇന്ത്യയുടെ ഭരണഘടന✍*

*ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യയുടെ ഭരണഘടന (Hindi: भारतीय संविधान). രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ,മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്ര ഭരണത്തിനായുള്ള നിർദ്ദേശകതത്വങ്ങൾ, മുതലായവ ഭരണഘടന മുന്നോട്ടുവെയ്ക്കുന്നു. പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന. അതിന് 395 അനുച്ഛേദങ്ങൾ (ആകെ ഇതുവരെ യഥാർത്ഥത്തിൽ 450) ഉണ്ട്.*

*1949 നവംബർ 26 –നാണ് ഭരണഘടനാ നിർമ്മാണ സഭ ഇന്ത്യയുടെ*

*ഭരണഘടന അംഗീകരിച്ചത്. 1950 ജനുവരി 26 ന് അത് പ്രാബല്യത്തിൽ വന്നു.*

*രൂപവത്കരണ പശ്ചാത്തലം*

*1946–ലെ കാബിനെറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപവത്കരിച്ച ഭരണഘടനാ നിർമ്മാണസഭയെയായിരുന്നു (കോൺസ്റ്റിറ്റുവന്റ് അസ്സംബ്ലി) ഇന്ത്യൻ ഭരണഘടന രൂപവത്കരിക്കുന്നതിനുള്ള ചുമതല ഏൽപിച്ചത്. ഈ സഭ, പതിമൂന്നു കമ്മിറ്റികൾ ചേർന്നതായിരുന്നു. ഈ സഭയിലെ അംഗങ്ങളിൽ പ്രാദേശിക നിയമസഭകളിൽ നിന്നും അവയിലെ അംഗങ്ങൾ തിരഞ്ഞെടുത്തവരും, നാട്ടുരാജ്യങ്ങളുടെയും മറ്റു പ്രദേശങ്ങളുടെയും പ്രതിനിധികളും, ഉണ്ടായിരുന്നു. ആകെ 389 അംഗങ്ങളുണ്ടായിരുന്ന സഭയുടെ അംഗത്വം പിന്നീട് ഭാരതം വിഭജിക്കപ്പെട്ടപ്പോൾ 299 അംഗങ്ങളായി ചുരുങ്ങി.*

*സഭയുടെ ഉദ്ഘാടനയോഗം 1946, ഡിസംബർ 9–ന് ചേർന്നു.1949, നവംബർ 26 വരെ സഭ പ്രവർത്തിച്ചു. ഡോ.സച്ചിദാനന്ദ സിൻഹ ആയിരുന്നു സഭയുടെ അന്ന് താത്കാലിക ചെയർമാൻ. 1946 ഡിസംബർ 11–ന് ഡോ. രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡന്റായി തെരഞ്ഞെടുത്തു.സഭയുടെ നിയമോപദേഷ്ടാവ് ശ്രീ ബി.എൻ. റാവു ആയിരുന്നു.*

*29 ഓഗസ്റ്റ്, 1947–ന് സഭ, അന്നത്തെ നിയമമന്ത്രിയും പട്ടികജാതി നേതാവുമായിരുന്ന ഡോ.ബി.ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു കരട് (ഡ്രാഫ്റ്റിംഗ്) കമ്മിറ്റി രൂപവത്കരിച്ചു. ശ്രീ. ബി.എൻ.റാവു ആയിരുന്നു ഭരണഘടനാ ഉപദേശകൻ.*

*ഇന്ത്യൻ ഭരണഘടന എന്ന ദൌത്യം പൂർത്തിയാക്കാൻ കൃത്യം രണ്ടു വർഷം, പതിനൊന്ന് മാസം, പതിനെട്ട് ദിവസം വേണ്ടി വന്നു. ആകെ 165 ദിവസത്തോളം നീണ്ട ചർച്ചകൾ സഭയിൽ നടന്നു . ഇവയിൽ 114 ദിവസവും കരട് ഭരണഘടനയുടെ ചർച്ചയായിരുന്നു നടന്നത്. കരടു ഭരണഘടനയിൽ 7,635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. 2,437*

*ഭേദഗതികൾ തീരുമാനിക്കപ്പെട്ടു. ഭരണഘടനയുടെ ആദ്യപകർപ്പ് 1948 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ചു.*

*1949 നവംബർ 26-ന് ഘടകസഭ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപവത്കരിച്ച ഭരണഘടന അംഗീകരിക്കുകയും, സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും നവംബർ 26-ാം തീയതി ഭാരതത്തിൽ നിയമ ദിനമായി ആചരിക്കുന്നത്.*

*ഭാരതത്തിന്റെ ഭരണഘടന സഭയുടെ അംഗങ്ങൾ ഒപ്പുവക്കുന്നത് 1950 ജനുവരി 25-നാണ്. തുടർന്ന് ഭരണഘടനാ പ്രഖ്യാപനവും, ഭരണഘടന പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തത് 1950 ജനുവരി 26-നായിരുന്നു. ഇതിന്റെ ഓർമ്മക്ക് എല്ലാ വർഷവും ജനുവരി 26-ാം തീയതി ഭാരതം റിപ്പബ്ലിക്ക് ദിനമായി ആചരിക്കുന്നു.*

*ഘടകസഭയുടെ അന്തിമ അംഗീകാരം ലഭിക്കുമ്പോൾ, ഇന്ത്യൻ ഭരണഘടനയിൽ 395 വകുപ്പുകളും, 8 പട്ടികകളും മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ, 444-ലേറെ വകുപ്പുകളും 12 പട്ടികകളും ഭരണഘടനയിലുണ്ട്. ഏറ്റവും അധികം ഭേദഗതികൾക്കു വിധേയമായ ഭരണഘടനയും ഭാരതത്തിന്റെ തന്നെ.*

*ഭരണഘടനാനിർമ്മാണസഭയിൽ നടന്ന ചർച്ചകൾ ഭരണഘടനയുടെ അർത്ഥം മനസ്സിലാക്കാൻ ഏറ്റവും സഹായകമായവയാണ്.*

പ്രത്യേകതകൾ

*ലോകത്തിലെ ലിഖിതമായ ഭരണഘടനകളിൽ ഏറ്റവും ദീർഘമായത്.*
*22 ഭാഗങ്ങൾ, 444 അനുഛേദങ്ങൾ , 12 പട്ടികകൾ*
*ഇന്ത്യയെ ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമായി പ്രഖ്യാപിക്കുന്നു.*
*ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും മൗലികാവകാശങ്ങൾ ഉറപ്പ് നൽകുന്നു.*
*ഒരു ജനാധിപത്യ പ്രതിനിധിസഭയുടെ ഭരണം രൂപവത്കരിച്ചു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമനിർമ്മാണസഭയിലാണ് ഭരണഘടനാ ഭേദഗതികൾ അധികാരപ്പെടുത്തിയിരിക്കുന്നത്.*

*പരമാധികാരമുള്ള വ്യത്യസ്ത സംസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചു.*
*ഇന്ത്യയെ ഒരു മതേതര രാജ്യമായി പ്രഖ്യാപിക്കുന്നു.*
*പ്രായപൂർത്തിയായവർക്ക് (18 വയസ്സ് തികഞ്ഞവർക്ക്) സമ്മതിദാനാവകാശം ഉറപ്പ് വരുത്തുന്നു.*
*ഒരു സ്വതന്ത്രനീതിന്യായ വ്യവസ്ഥിഥി നിർമ്മിച്ചു.*

*ഭരണഘടനാ ശിൽപികൾ*

*ഇന്ത്യൻ ഭരണ ഘടനയുടെ മുഖ്യ ശിൽപി അംബേദ്കറാണ് – ഡോ. ഭീമറാവു റാംജി അംബേദ്കർ*

*ഭേദഗതികൾ*

*ഭേദഗതിയെകുറിച്ച് പ്രതിപാദിക്കുന്നത് വകുപ്പ് 368 ലാണ്.*

*ആമുഖം ഒരു പ്രാവശ്യം മാത്രമെ ഭേദഗതി ചെയ്തിട്ടുള്ളു.*
*1 – ആം ഭേദഗതി (1951)*
*42–ആം ഭേദഗതി (1976) ലാണ്, മതേരത്വം, സോഷ്യലിസം എന്നിവ ആമുഖത്തിൽ ചേർത്തത്. മിനി കോൺസ്റ്റിറ്റ്യൂഷൻ' എന്നാണ് ഈ ഭേദഗതിയെ പറയുന്നത്.*
*44–ആം ഭേദഗതി (1978) പ്രകാരം സ്വത്തിനുള്ള അവകാശം മൗലികാവകാശങ്ങളിൽ നിന്ന് നീക്കം ചെയ്തു.*
*52–ആം ഭേദഗതി (1985) കൂറുമാറ്റ നിയമംകൊണ്ടുവന്നു.*
*73–ആം ഭേദഗതി പ്രകരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് സീറ്റ് സംവരണം ചെയ്തു.*
*84–ആം ഭേദഗതി (2000) പ്രകാരം ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ, ഝാർഖണ്ഡ് എന്നിവ രൂപീകരിച്ചു.*
*89–ആം ഭേദഗതി (2003) പ്രകാരം പട്ടിക വർഗ്ഗകാർക്കുവേണ്ടി പ്രത്യേക ദേശീയ കമ്മീഷൻ രൂപീകരിച്ചു.*
*92–ആം ഭേദഗതി (2003) പ്രകാരം 8–മത്തെ ഷെഡ്യൂളുൽ ബോഡൊ, ഡോഗ്രി, മൈഥിലി, സന്താൾ ഭാഷകൾ ചേർത്തു.*

*മറ്റു വിവരങ്ങൾ*

*ഭരണഘടനയുടെ ശില്പി ഡോ. ബി.ആർ. അംബേദ്കർ ആണ്.*
*മൗലികാവകാശങ്ങളുടെ ശില്പി ശ്രീ സർദാർ വല്ലഭായി പട്ടേൽ ആണ്.*
*മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന ഭറണഘടനയുടെ ഭാഗത്തെ ഇന്ത്യയുടെ മഗ്നാകാർട്ട എന്നും ഭരണഘടനയുടെ ആണിക്കല്ല് എന്നും പറയുന്നു.*
*ഇന്ത്യയുടെ 8–ആം ഷെഡ്യൂളിൽ 22 ഭാഷകളുണ്ട്.*
*ബ്രിട്ടൻ, ഇസ്രായേൽ എന്നീ രാജ്യങ്ങൾക്ക് ലിഖിത ഭരണഘടനയില്ല.*
*ബ്രിട്ടന്റെ പാർലമെന്റിനെ പാർലമെന്റുകളുടെ മാതാവ് എന്ന് പറയുന്നു.*
*കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് തുല്യ അവകാശമുള്ള കൺകറന്റ് ലിസ്റ്റ് ഓസ്ട്രേലിയൻ ഭരണഘടന ആധാരമാക്കി ചേർത്തതാണ്.*
*രാഷ്ട്രപതിയേയും ഹൈക്കോടതി– സുപ്രീം കോടതി ജഡ്ജിമാരേയും ഇമ്പീച്ച് ചെയ്യാനുള്ള ആശയം ആമേരിക്കൻ ഭരണഘടനയെ മാതൃകയാക്കിയതാണ്.*
*മൗലികാവശങ്ങൾ ഉൾപ്പെടുത്തിയത് അമേരിക്കൻ ഭരണഘടനയെ ആധാരമാക്കിയാണ്.*
*പാർലമെന്ററി വ്യവസ്ഥ, ഏകപൗരത്വം എന്നിവ ബ്രിട്ടനെ മാതൃകയാകിയാണ്.*
*മാർഗനിർദ്ദേശക തത്ത്വങ്ങൾ, രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ് എന്നിവ അയർലന്റിൽനിന്നും കടമെടുത്താണ്.*
*കേന്ദ്ര സർക്കാരിന്റെ റസിഡുവറി പവർ കനഡയെ മനസ്സിൽ കണ്ടാണ്.*
*മൗലിക കർത്തവ്യങ്ങൾ റഷ്യൻ ഭരണഘടനയിൽ നിന്നും കടംകൊണ്ടതാണ്.*

**ശീതങ്കൻ തുള്ളൽ**



കേരളത്തിലെ ക്ഷേത്രകലാരൂപമായ തുള്ളലിന്റെ ഒരു രൂപമാണ് ശീതങ്കൻ തുള്ളൽ. തുള്ളൽകഥകളുടെ രചനക്ക് ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളെയും നടന്റെ വേഷവിധാനത്തെയും ആസ്പദമാക്കി തരംതിരിച്ചിട്ടുള്ള മൂന്ന് വിധം തുള്ളലുകളിൽ ഒന്നാണിത്. വേഗത്തിൽ പാടേണ്ടത് ഓട്ടൻ തുള്ളലിനാണെങ്കിൽ , ശീതങ്കൻ തുള്ളലിന് വേഗത കുറച്ച് വേണം പാടാൻ. പതിഞ്ഞരീതിയിൽ പാടേണ്ടതാണ് പറയൻ തുള്ളൽ. ലാസ്യാംശത്തിനു പ്രാധാന്യമുള്ള തുള്ളലാണ് ശീതങ്കൻ.

അവതരണം

പൊതുവെ പാതിരായ്ക്കാണ് ശീതങ്കൻ തുള്ളൽ അവതരിപ്പിക്കാറ്. തുള്ളൽ അവതരിപ്പിക്കുന്നതിന് മൂന്ന് പേർ ആവശ്യമാണ്. വേഷം കെട്ടുന്ന നടനാണ് ഒരാൾ. അദ്ദേഹമാണ് തുള്ളൽക്കഥ പാടി അഭിനയിച്ച് കാണിക്കുന്നത്. മറ്റൊരാൾ തൊപ്പി മദ്ദളക്കാരൻ. ഇനിയുമൊരാൾ താളക്കാരൻ അഥവാ കൈമണിക്കാരൻ. തുള്ളൽ പകലോ രാത്രിയിലോ അവതരിപ്പിക്കാം. രംഗത്ത് വിളക്ക് വയ്ക്കാറില്ല.

## വേഷവിധാനം

തുള്ളൽക്കാരൻ മുഖത്ത് മഞ്ഞ നിറത്തിലുള്ള പൊടി തേച്ച് മിനുക്കി തലയിൽ കറുത്ത തുണി കൊണ്ട്കെട്ടി കണ്ണും പുരികവും എഴുതി പൊട്ട് തൊട്ട് കുരുത്തോല കൊണ്ടുണ്ടാക്കിയ മെയ്യാഭരണങ്ങളും ധരിച്ചാൽ ശീതങ്കൻ തുള്ളലിന്റെ വേഷമായി. കാലിലെ കെച്ചമണിയും ഓട്ടന് തുള്ളലിന്റേതു പോലെ തന്നെ. മുഖത്ത് മഞ്ഞതേച്ച് മിനുക്കാതെയും ചില ദിക്കുകളിൽ ശീതങ്കൻ അവതരിപ്പിച്ച് കാണുന്നു.

ശീതങ്കൻ തുള്ളലിൽ കൂടുതലായി ഉപയോഗിച്ച് വരുന്ന വൃത്തമാണ് കാകളി

## തുള്ളലിന്റെ ഉത്ഭവം

ചാക്യാർ കൂത്ത് എന്ന കലാരൂപത്തിന് മിഴാവ് ആണ് വാദ്യമായിട്ട് ഉപയോഗിക്കുന്നത്.പൊതുവേ നമ്പ്യാർമാരാണ് മിഴാവ് വായിക്കുന്നത്. പതിവ് പോലെ ഒരിക്കൽ അമ്പലപ്പുഴ ശ്രീ കൃഷ്ണ ക്ഷേത്രത്തിൽ കൂത്ത് നടക്കുന്ന സമയം. ചാക്യാർ അരങ്ങത്ത് കൂത്ത് അവതരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുഞ്ചൻ നമ്പ്യാർ ആണ് മിഴാവ് വായിക്കുന്നത്. ആളുകളുടെ ആവേശം കൂടുന്നതനുസരിച്ച് ചാക്യാർ തന്റെ കഴിവുകളെ പുറത്തെടുത്തു തുടങ്ങി. പാവം നമ്പ്യാർ കൂത്തിനിടയ്ക്കൊന്നു മയങ്ങിപ്പോയി. ചാക്യാർ വിട്ടുകൊടുക്കുമോ ? നമ്പ്യാരെ അങ്ങേയറ്റം പരിഹസിച്ചു. നമ്പ്യാർ ചാക്യാർക്കു തക്കതായ മറുപടി നൽകണം എന്ന ഉറച്ച തീരുമാനത്തോടെ അന്ന് തന്റെ ഇല്ലത്തേക്ക് മടങ്ങി.
ചാക്യാരോടുള്ള പ്രതികാരസൂചകമായി ഒറ്റ രാത്രി കൊണ്ട് പുതിയ ഒരു കലാരൂപത്തിന് ജന്മം നൽകി.അതാണ് "തുള്ളൽ". അടുത്ത ദിവസം ക്ഷേത്രത്തിന്റെ ഒരു വശത്ത് കൂത്ത് തകൃതിയായി നടക്കുന്നു. പൊടുന്നനെ മറ്റൊരു ഭാഗത്ത് അതാ നല്ല താളഭാവങ്ങളോട് കൂടിയ പാട്ട് കേൾക്കുന്നു. കൂത്ത് കണ്ടു കൊണ്ടിരുന്ന ആളുകൾ ഇതെന്താ കഥ എന്ന ഭാവത്തിൽ തുള്ളൽ നടക്കുന്ന വേദിയിലേക്ക് തിരിച്ചു. നോക്കുമ്പോൾ തികച്ചും നവീനവും ആസ്വാദ്യവും ആയ ഒരു നൃത്ത രൂപം.അത് തുള്ളലായിരുന്നു. അങ്ങനെ ചാക്യാരുടെ കൂത്തിന് ആളുകൾ ഇല്ലാതായി.ചാക്യാർ നാണം കെട്ടുപോയി.

***നമ്പ്യാർ ആദ്യം അവതരിപ്പിച്ചത്***



***ശീതങ്കൻ തുള്ളൽ ആയിരുന്നു.***

എസ്.വി.എച്ച്.എസ് കുടശ്ശനാട് 28

# നിലാവ്

LK/2018/36039



